**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4616 | 25-06-2019 -ൽ മറുപടിക്ക്

**പത്തനംതിട്ട ജില്ലയിലെ പ്രളയദുരിതബാധിതരുടെ വീടുകളുടെ നിർമ്മാണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.വീണാ ജോർജ്ജ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പത്തനംതിട്ട ജില്ലയിലെ പ്രളയദുരിത ബാധിതരുടെ പൂർണമായി തകർന്ന വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; | എ) | ഉണ്ട്. പൂർണ്ണമായും തകർന്ന 615 വീടുകളിൽ 307 വീടുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണികൾ പുരോഗമിക്കുന്നു. |
| ബി) | എങ്കിൽ ആറന്മുള മണ്ഡലത്തിലെ താലൂക്ക് അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ; | ബി) | ആറന്മുള മണ്ഡലത്തിൽ കോഴഞ്ചേരി താലൂക്കിലെ 143 വീടുകളും തിരുവല്ല താലൂക്ക് പരിധിയിലെ 49 വീടുകളും ഉൾപ്പെടെ 192 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. ഇവയിൽ 85 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി 107 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |
| സി) | പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയായവ എത്ര; ഇനി പൂർത്തീകരിക്കാൻ എത്ര വീടുകൾ ബാക്കിയുണ്ട്; അവയുടെ നിർമ്മാണം ഏത് ഘട്ടത്തിൽ; വിശദമാക്കാമോ? | സി) | പത്തനംതിട്ട ജില്ലയിൽ പൂർണ്ണമായും തകർന്ന 615 വീടുകളിൽ 307 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 71 വീടുകൾ കോൺക്രീറ്റ് (വാർപ്പ്) പൂർത്തിയാക്കിയിട്ടുണ്ട്. ലിന്റൽ പൂർത്തിയാക്കിയ 125 വീടുകളും ബേസ്മെന്റ് പൂർത്തിയാക്കിയ 77 വീടുകളുമുണ്ട്. |

സെക്ഷൻ ഓഫീസർ